**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640</u>** **<u>08-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മലപ്പുറം ജില്ലയിൽ നിന്നും ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായവരുടെ ഉപരിപഠനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ നിന്ന് ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽ തന്നെ ഉപരിപഠത്തിന് അവസരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (എ) | മലപ്പുറം ജില്ലയിൽ നിലവിൽ 9 സർക്കാർ കോളേജുകളും 20 പ്രൈവറ്റ് എയ്ഡഡ് കോളേജുകളും ഉണ്ട്. സർക്കാർ കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ബിരുദ പഠനത്തിന് 45 ബിരുദ കോഴ്സുകളിൽ ആയി 1810 പേർക്ക് പഠിക്കുന്നതിനുള്ള അവസരം ഉണ്ട്. 128 പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ ആയി 5491 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരങ്ങളും ഉണ്ട്. കൂടാതെ സ്വാശ്രയ മേഖലയിൽ ആർട്സ് & സയൻസ് വിഷയങ്ങളിൽ ഉപരിപഠനത്തിനായി ഏകദേശം 80 ഓളം കോളേജുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. സ്വാശ്രയ മേഖലയിൽ ഹയർ സെക്കണ്ടറിക്കു ശേഷം KEAM 21 Prospectus പ്രകാരം എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി 2550 സീറ്റുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ മാനദണ്ഡങ്ങൾ പ്രസ്തുത സീറ്റുകളിലേക്കുള്ള പ്രവേശനത്തിനു ബാധകമാണ്. മെഡിക്കൽ അനുബന്ധമായിട്ടുള്ള നിരവധി കോഴ്സുകളിലും ഉപരിപഠനത്തിന് അവസരമുണ്ട്. കൂടാതെ പോളിടെക്നിക്, ഐ.റ്റി.ഐ, ടി.ടി.സി മുതലായ കോഴ്സുകളിലും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നേടുന്നതിനുള്ള സാഹചര്യമുണ്ട്. |

സെക്ഷൻ ഓഫീസർ